## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*257 15.12.2015 - ൽ മറുപടിക്ക്**

**കരമന കളിയിക്കാവിള ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, വി.ശിവൻകുട്ടി<br>,, ബി.സത്യൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കരമന - കളിയിക്കാവിള ദേശീയ പാത വികസനത്തിന്റെ ഒന്നാം ഘട്ടം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; അത് പൂർത്തീകരിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കരമന - കളിയിക്കാവിള ദേശീയ പാതാ വികസനത്തിന്റെ 1-ാം ഘട്ടത്തിലെ 1-ാം ഭാഗമായ കരമന - പ്രാവച്ചമ്പലം (5.50 കി.മീ) റോഡിന്റെ 4 വരിപ്പാത നിർമ്മാണം പൂർത്തിയാക്കി 13.01.2016 ന് റോഡ് ഉദ്ഘാടനം ചെയ്യാനാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ 90 ശതമാനത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കുമോ; പ്രാവച്ചമ്പലം - വഴിമുക്ക് മേഖലയിൽ നിശ്ചയിച്ച ഭൂമി വിലയിൽ നിന്ന് സർക്കാർ പിൻമാറുകയുണ്ടായോ; വ്യക്തമാക്കുമോ; | (ബി) ഒന്നാം ഘട്ടത്തിലെ 1-ാം ഭാഗമായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള (5.50 കി.മീ) പ്രവർത്തനങ്ങൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കോടതിയുടെ സ്റ്റേ ഉത്തരവുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം, വിവിധ യൂട്ടിലിറ്റി ഏജൻസികളുടെ (കെ.എസ്സ്.ഇ.ബി, ബി.എസ്സ്.എൻ.എൽ, കേരള വാട്ടർ അതോറിറ്റി) |

പൈപ്പുകളും കേബിളുകളും സമയ ബന്ധിതമായി മാറ്റി സ്ഥാപിക്കുന്നതിന് ഉണ്ടായ കാലതാമസം, നേമം ഭാഗത്ത് അധിക ജോലിയായി ഒരു അടിപ്പാത നിർമ്മിക്കേണ്ടി വന്നത്, പാപ്പനംകോട് ഭാഗത്തെ മുസ്ലീം പള്ളി, ഖബർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് പകരം സ്ഥലം കണ്ടെത്തുന്നതിനു വന്ന കാലതാമസം തുടങ്ങിയ കാരണങ്ങളാൽ പ്രസ്തുത പണി പൂർത്തിയാക്കാൻ കൂടുതൽ സമയം വേണ്ടി വന്നു. 1-ാം ഘട്ടത്തിലെ 2-ാം ഭാഗമായ പ്രാവച്ചമ്പലം - വഴിമുക്ക് ഭാഗത്ത് ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച വിലയായ 266 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | കരമന – പ്രാവച്ചമ്പലം ഭാഗത്ത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 11 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടി വന്നിട്ടുള്ളത്. ഇതിനു വേണ്ടി നേമം ഭാഗത്ത് സർക്കാർ പാട്ടത്തിന് നൽകിയിരുന്ന ഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത് ഏറ്റെടുത്ത് ആയത് പുനരധിവാസത്തിന് ഉപയോഗ |

പ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

(ഡി) ഒന്നാംഘട്ട റോഡ് വികസന പ്രവർത്തന പൂർത്തീകരണത്തിന് തടസ്സമായി നിന്നിരുന്ന ഏതെങ്കിലും സ്ഥാപനങ്ങളോ ആരാധാനാലയങ്ങളോ മാറ്റി സ്ഥാപിക്കുവാൻ കഴിയാത്തത് മൂലം ഇപ്പോഴും നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പാപ്പനംകോട് ഭാഗത്ത് മുസ്ലീം പള്ളിയും ഖബറും മാറ്റി സ്ഥാപിക്കാൻ തടസ്സം നേരിട്ടത് പണിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നാൽ ഇത് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി കെ. എസ്.ആർ.ടി.സിയിൽ നിന്നും 4 സെന്റ് സ്ഥലം വിട്ടു നൽകിയിട്ടുണ്ട്. ഖബറ് മാറ്റി സ്ഥാപിക്കുന്നതിന് നടപടി ഇന്നലെ ആരംഭിച്ചു കഴിഞ്ഞു.

(ഇ) വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം പ്രദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാമോ ?

(ഇ) പ്രദേശവാസികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ